"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ഷൈനി.എം-ന്, അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി, ആലപ്പുഴ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.439/2025/H&FWD തീയതി,തിരുവനന്തപുരം, 23-12-2025**

---

പരാമർശം:-

1. സ.ഉ (പി) 36/1991/ഉ.ഭ.പ.വ തീയതി 02/12/1991
2. ശ്രീമതി. ഷൈനി എം. സമർപ്പിച്ച 14/07/2024 തീയതിയിലെ അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 03-01-2025 തീയതിയിലെ DCALP/9419/2024-A3 നമ്പർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22-06-2025, 25-09-2025 തീയതികളിലെ DHS/15156/2025-FWA4 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ഷൈനി.എം-ന് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി, സ്വന്തം ജില്ലയായ ആലപ്പുഴയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധമായ ശിപാർശ പരാമർശം (4) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**2.** ശ്രീമതി. ഷൈനി.എം., 20/02/2024- ൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തന്റെ 9 വയസ്സുള്ള മകൻ ജന്മനാ വൃക്ക സംബന്ധമായ അസുഖ ബാധിതനാണെന്നും കുട്ടിയുടെ വലത് വൃക്ക നീക്കം ചെയ്തിട്ടുള്ളതാണെന്നും എറണാകുളം അമൃത ആശുപത്രിയിൽ തുടർ ചികിത്സയിലുമാണ് എന്നും പിതാവും വൃക്ക രോഗിയാണെന്നും മാതാവ് രണ്ട് വർഷം മുൻപ് മരണപ്പെട്ടുവെന്നും ടിയാൾ പരാമർശം (2) പ്രകാരമുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്. മകൻ ജന്മനാ വൃക്ക സംബന്ധമായ രോഗത്തിന് ചികിത്സയിലാണെന്ന് സമർത്ഥിച്ചുകൊണ്ട് കൊച്ചി അമൃത ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ നിന്നുള്ള ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ/മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ടിയാൾ ഹാജരാക്കിയിട്ടുണ്ട്. അപേക്ഷക തന്റെ നിവേദനത്തിൽ സൂചിപ്പിക്കുന്ന ജീവിതസാഹചര്യം വാസ്തവമാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ സ്ഥിരീകരിച്ചിട്ടുണ്ട്. അപേക്ഷകയുടെ ഏക സഹോദരൻ വിദേശത്താണെന്നും പിതാവിന്റെ സംരക്ഷണം പൂർണ്ണമായും അപേക്ഷകയുടെ ഉത്തരവാദിത്തമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി മുഖേന നിയമിക്കപ്പെട്ട ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുവാൻ കഴിയുകയുള്ളൂ. 20/02/2024- ൽ പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ഷൈനി.എം., പാലക്കാട് ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അനുകമ്പാർഹമായ പരിഗണന നൽകി ആലപ്പുഴ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന അപേക്ഷ പരിഗണനാർഹമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീമതി. ഷൈനി.എം.- ന്റെ മകന്റെയും പിതാവിന്റെയും ആരോഗ്യസ്ഥിതി കണക്കിലെടുക്കുമ്പോൾ ആലപ്പുഴ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നതിൽ അനുകമ്പാർഹമായ പരിഗണന അർഹിക്കുന്നതായി ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഷൈനി.എം. -ന്റെ അനുകമ്പാർഹമായ ജീവിതസാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിൽ ടിയാൾ പരിഗണന അർഹിക്കുന്നു. മകൻ ജന്മനാ വൃക്ക സംബന്ധമായ രോഗത്തിന് ചികിത്സയിലാണെന്ന് തെളിയിക്കുന്ന കൊച്ചി അമൃത ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ നിന്നുള്ള ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ/മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ടിയാൾ ഹാജരാക്കിയിട്ടുണ്ട്. അപേക്ഷക തന്റെ നിവേദനത്തിൽ സൂചിപ്പിക്കുന്ന ജീവിതസാഹചര്യം വാസ്തവമാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ, അപേക്ഷകയുടെ മകന്റെയും പിതാവിന്റെയും ആരോഗ്യസ്ഥിതി കണക്കിലെടുത്ത് പാലക്കാട് ജില്ലയിലെ, ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ഷൈനി.എം-ന് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത്, പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (1)-ലെ വ്യവസ്ഥയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിലേക്ക് അന്തർജില്ലാസ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ഷൈനി.എം, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II, കുടുംബാരോഗ്യകേന്ദ്രം, ഓങ്ങല്ലൂർ, പാലക്കാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
ജില്ലാ കളക്ടർ ആലപ്പുഴ.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, ഓങ്ങല്ലൂർ, പാലക്കാട്(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി ) വകുപ്പ് (17 /12 /2025 തീയതിയിലെ ഇനം നമ്പർ 3395 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C1/107 /2025 - Health)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 29-12-2025 12:51:41
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.ആരോഗ്യ വനിതാ ശിശുവികസന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്